## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 937

28.04.2017-ൽ മറുപടിക്ക്

## കോഴിക്കോട് സിവിൽ സർവ്വീസ് അക്കാദമിക്ക് സ്വന്തമായി കെട്ടിടം

**ചോദ്യം**

ശ്രീ.എ. പ്രദീപ്കുമാർ

**മറുപടി**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
| --- | --- |
| (എ) കോഴിക്കോട് സിവിൽ സർവ്വീസ് അക്കാദമിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിലേയ്ക്കായി എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചതെന്ന് വിശദമാക്കുമോ; | (എ) കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ കോഴിക്കോട് കേന്ദ്രത്തിനായി സ്വന്തം കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. കെട്ടിട നിർമ്മാണ പ്രവർത്തികൾക്കായി സർക്കാരിന്റെ അംഗീകൃത ഏജൻസിയായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഏജൻസി 7485 ച. അടി വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ പ്ലാനും വിശദമായ അടങ്കലും തയ്യാറാക്കുകയും അതിൻ പ്രകാരം 23.2.2017 ലെ സർക്കാർ ഉത്തരവ് (സാധ) നം. 353/2017/ഉവിവ പ്രകാരം 175 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.<br>കെട്ടിട നിർമ്മാണ പ്രവർത്തികൾക്കായി, പ്ലാനും അടങ്കലും സാങ്കേതിക വിദഗ്ധ സമിതി പരിശോധിക്കുകയും സാങ്കേതിക അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനോട് കരാർ ഉടമ്പടിയിൽ ഏർപ്പെടുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനായി അനുവദിച്ചിട്ടുള്ള സ്ഥലത്ത് പൊതുമരാമത്ത് വകുപ്പിന്റെ ആവശ്യത്തിനായി നിർമ്മിച്ചിട്ടുള്ളതും, നിലവിൽ ഉപയോഗ ശൂന്യമായ കെട്ടിടങ്ങളും അനുബന്ധ നിർമ്മിതികളും അടിയന്തിരമായി നീക്കം ചെയ്യുന്നതിനായി പ്രസ്തുത വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

പ്രസ്തുത വസ്തുവിൽ കെട്ടിട നിർമ്മാണത്തിനായി മുറിച്ചുമാറ്റേണ്ടുന്ന പാഴ്മരങ്ങൾ കണക്കാക്കി വരുന്നു. സോഷ്യൽ ഫോറസ്ട്രി വകുപ്പിൽ നിന്നും മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള അനുവാദം വാങ്ങി, മരങ്ങൾ ലേലം ചെയ്ത് വിൽക്കേണ്ടതുണ്ട്. ഉപയോഗശൂന്യമായ കെട്ടിടങ്ങളും കെട്ടിട നിർമ്മാണത്തിന് തടസ്സമാകുന്ന പാഴ്മരങ്ങളും നീക്കം ചെയ്യുന്നതിനോടൊപ്പം തന്നെ കെട്ടിട നിർമ്മാണവും ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | |
|---|---|
| (ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് എത്ര രൂപയാണ് വകയിരുത്തിയതെന്നും ഏതെല്ലാം കേന്ദ്രങ്ങളിൽ നിന്നാണ് തുക ലഭിച്ചതെന്നും വ്യക്തമാക്കുമോ? | (ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയ്ക്കായി സംസ്ഥാന ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ വിവിധ വർഷങ്ങളിലായി 121 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ